വകുപ്പു സെക്രട്ടറി, നിയമ വകുപ്പ് സെക്രട്ടറി, ധനകാര്യവകുപ്പ് അഡീഷണൽ സെക്രട്ടറി, മാനേജിംഗ് ഡയറക്ടർ (കെ.എസ്.ആർ.ടി.സി.), ഡയറക്ടർ (അനർട്ട്) എന്നിവരടങ്ങുന്ന സമിതിയാണ്. ഇവിടെ മാനേജിംഗ് ഡയറക്ടറെ കൂടാതെ രണ്ട് ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെയാണ് സ്ഥിരം ജീവനക്കാരായി നിയമിച്ചിട്ടുള്ളത്. ഓഫീസിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കായി വിവിധ സ്ഥാപനങ്ങളിൽനിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ പത്തുപേരെ നിയമിച്ചിട്ടുണ്ട്. കൂടാതെ അത്യാവശ്യം വേണ്ടുന്ന ജോലികൾക്കായി ദിവസക്കൂലി അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചാണ് ഈ സ്ഥാപനത്തിന്റെ പ്രവർത്തനം മുന്നോട്ടു കൊണ്ടു പോകുന്നത്.

## കാപ്പിക്ക് താങ്ങുവില പ്രഖ്യാപിക്കാൻ നടപടി

30(*240)ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില തകർച്ചമൂലം ബുദ്ധിമുട്ട് അനുഭവിക്കുന്ന കേരളത്തിലെ കാപ്പികൃഷിക്കാർക്ക് ഇതുവരെയായി സംസ്ഥാന ഗവൺമെന്റ് എന്തൊക്കെ സഹായങ്ങളാണ് നൽകിയിട്ടുള്ളത്;

(ബി) കാപ്പി കർഷകർ സംസ്ഥാന സർക്കാരിന് നൽകേണ്ട വിവിധ നികുതികൾക്ക് അവധിക്കാലം പ്രഖ്യാപിക്കണമെന്ന ആവശ്യത്തിനുമേൽ സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) കേന്ദ്ര ഗവൺമെന്റ് കാപ്പിക്ക് താങ്ങുവില പ്രഖ്യാപിക്കാൻ തയ്യാറല്ലെങ്കിൽ സംസ്ഥാന സർക്കാർ താങ്ങുവില പ്രഖ്യാപിച്ച് ഏതെങ്കിലും ഏജൻസികൾ മുഖേന കാപ്പി സംഭരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ&ബി) കാപ്പിയുടെ വിലയിടിവുമൂലം ദുരിതമനുഭവിക്കുന്ന കർഷകരെ സഹായിക്കുവാൻ 25 ഹെക്ടറിൽ താഴെ തോട്ടങ്ങളുള്ളവർക്ക് 2000-2001-ാമാണ്ടിലെ കാർഷികാദായ നികുതിയിൽനിന്നും പൂർണ്ണമായ ഇളവ് അനുവദിച്ചിട്ടുണ്ട്. കാപ്പിക്കുരുവിന്റെ വില്പന നികുതി 8 ശതമാനത്തിൽ നിന്നും 4 ശതമാനമായി കുറച്ചുകൊണ്ട് ജൂൺ 9 മുതൽ 2 മാസത്തേക്ക് നികുതിയിളവ് പ്രഖ്യാപിച്ചിട്ടുണ്ട്.

(സി) കാർഷിക വിളകൾക്ക് താങ്ങുവില പ്രഖ്യാപിക്കേണ്ടത് കേന്ദ്ര ഗവൺമെന്റാണ്. അതിനുവേണ്ടി നിവേദനം നടത്തിയിട്ടുണ്ട്. ഈ ശ്രമം തുടരുന്നതാണ്.

## (2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### 1999-2000 ലെ ബഡ്ജറ്റിൽ പണി പൂർത്തിയാകാത്ത വർക്കുകൾ

1 (955)ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. കെ. സുധാകരൻ :

ശ്രീ. എം. മുരളി :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:



LIBRARY ARCHIVES Kerala Legislative Assembly